**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4346** **09-08-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയും കെട്ടിടങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയും കെട്ടിടങ്ങളും കാട് കയറി നശിക്കുന്നതും അവ സാമൂഹ്യവിരുദ്ധരുടെ വിഹാരകേന്ദ്രങ്ങളായി മാറുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പാലക്കാട് ജില്ലയിലെ അഗളി വില്ലേജിൽ സർവ്വെ 1105/1, 1105/3 ൽപ്പെട്ട സർക്കാർ ഭൂമിയും അതിലുള്ള കെട്ടിടവും കാട് കയറി നശിക്കുന്നതായും വയനാട് ജില്ലയിൽ തിരുനെല്ലി, വാളാട്, ചെറുകാട്ടൂർ, കണിയാമ്പറ്റ എന്നീ വില്ലേജുകളിൽപ്പെട്ട സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയും കെട്ടിടങ്ങളും കാട് കയറിക്കിടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സാമൂഹ്യ വിരുദ്ധ |
| (ബി) | ഇത്തരം ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിവരശേഖരണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കാട് കയറി നശിച്ചിട്ടുള്ള സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയുടെയും കെട്ടിടങ്ങളെയും സംബന്ധിച്ച വസ്തുതകളുടെ ഡേറ്റാ ബെയ്സ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. എന്നാൽ പാലക്കാട്, വയനാട് ജില്ലകളിൽ ശ്രദ്ധിക്കപ്പെട്ട കാട്ടു കയറിയ സർക്കാർ ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു. ക്രമ നം. വില്ലേജ് സർവ്വെ നമ്പർ റിമാർക്സ് 1. തിരുനെല്ലി Sy.254/3 0.49 അവിവാഹിതരായ ആദിവാസി അമ്മമാർക്ക് 18 ഹെക്ടർ വേണ്ടി ട്രൈബൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം 2. വാളാട് B1.1 Sy.84 റവന്യൂ ക്വാർട്ടേഴ്സ് 3. ചെറുകാട്ടൂർ B1.56 Re Sy. 372/33 0.0243 പഴയ ചെറുകാട്ടൂർ വില്ലേജ് ഓഫീസ് കെട്ടിടം 4. കണിയാമ്പറ്റ B1.14 Re Sy. 172/1 ൽ 0.032 ഹെക്ടർ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 172/2 ൽ 0.0070 ഹെക്ടർ അധീനതയിലുള്ള ഭൂമിയും കെട്ടിടവും നിലവിൽ ഉപയോഗ യോഗ്യമല്ല. 5. അഗളി സർവ്വേ 1105/1 , 1105/3 ഭൂമിയും കെട്ടിടവും |
| (സി) | ഇത്തരം ഭൂമിയും കെട്ടിടങ്ങളും ഉപയോഗപ്രദമാക്കുന്നതിനും ജനോപകാരപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (സി) | ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ് |
| (ഡി) | സർക്കാർ വക ഭൂമിയോ കെട്ടിടങ്ങളോ | (ഡി) | സർക്കാർ വക കെട്ടിടങ്ങൾ അനധികൃതമായി |

| | | | |
|---|---|---|---|
| | അന്യാധീനമായി കൈവശപ്പെട്ടത്തിയിട്ടുള്ളതായോ സർക്കാർ അറിവോടുകൂടിയല്ലാതെ ഉപയോഗപ്രദമാക്കിയിട്ടുള്ളതായോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | | കയ്യേറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സർക്കാർ വക ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. സർക്കാർ ഭൂമി കയ്യേറിയവർക്കെതിരെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 ഉം 1958 ലെ അനുബന്ധചട്ടത്തിലെയും 2009 ലെ ഭൂ സംരക്ഷണ നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ